"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും ഗുരുതരമായി പരിക്കേറ്റവർക്കും വൈകല്യം സംഭവിച്ചർക്കും ധനസഹായം അനുവദിക്കുന്നതിനായി വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.624/2024/DMD തീയതി,തിരുവനന്തപുരം, 22-08-2024

---

പരാമർശം:- വയനാട് ജില്ലാകളക്ടറുടെ 16/08/2024 ലെ ഡിസിഡബ്ല്യൂ വൈഡി/ 2418/2024-ഡിഎം3 നമ്പർ കത്ത്.

**ഉത്തരവ്**

30.07.2024 ന് വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനും ഗുരുതരമായി പരിക്കേറ്റവർക്കും വൈകല്യം സംഭവിച്ചർക്കും ധനസഹായം അനുവദിക്കുന്നതിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് തുക അനുവദിക്കണമെന്ന് പരാമർശ പ്രകാരം വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും ഗുരുതരമായി പരിക്കേറ്റവർക്കും വൈകല്യം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് ചുവടെ കാണുന്ന പ്രകാരം ആകെ **6,00,00,000/-** രൂപ (ആറ് കോടി രൂപ മാത്രം) വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1. | 2245-02-111-99 Exgratia to bereaved families | 4,00,00,000/- |
| 2. | 2245-02-800-96 Exgratia of injured persons | 2,00,00,000/- |
| | **ആകെ** | **6,00,00,000/-** |

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, വയനാട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
Date: 22-08-2024 16:41:52
സെക്ഷൻ ഓഫീസർ